# റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ
## ലേൺ ദി ഖുർആൻ
## അന്താരാഷ്ട്ര ഓൺലൈൻ ഫൈനൽ പരീക്ഷ - 2024
### സൂറത്തുകൾ (സുമർ,ഗാഫിർ,സ്വാദ്)
# Answer Key (ഉത്തര സൂചിക)

---

1.മുഹമ്മദ് നബി (സ) യെ സംബന്ധിച്ച് ഇവൻ കള്ള വാദിയായ ഒരു ജാല വിദ്യക്കാരനാണെന്ന് ബഹുദൈവ വിശ്വാസികൾ പറയാൻ കാരണമെന്ത് ?
A.നബി (സ) യെ കുറിച്ച് "അൽ അമീൻ" എന്നറിയപ്പെട്ടതിനാൽ
B.നബി (സ) യുടെ ജീവിതത്തിൽ ജാല വിദ്യ അഭ്യസിച്ചിട്ടില്ലാത്തതിനാൽ
C.നബി (സ) കൊണ്ട് വന്ന തെളിവുകളും ദൃഷ്ടാന്തങ്ങളും നേരിടാൻ സാധ്യമല്ലാതായപ്പോൾ ഒഴിഞ്ഞു മാറാനുള്ള ഒരു സൂത്രമായിക്കൊണ്ട്
D.തമാശക്ക് പോലും ജീവിതത്തിൽ കളവ് പറയാതിരുന്നതിനാൽ

2. " أَجَعَلَ الْآلِهَةَ إِلَٰهًا وَاحِدًا" എന്ന വാക്കുകൾ ആദ്യമായി പറഞ്ഞതാരാണ്?
A.ഖുർആൻ
B.നബി (സ)
C.ബഹുദൈവ വിശ്വാസികൾ
D.മലക്കുകൾ

3.അല്ലാഹുവിന്റെ കാരുണ്യ ഭണ്ഡാരങ്ങളും ആകാശ ഭൂമിയുടെ ഇടയിലുള്ളതിന്റെ ഭരണാധിപത്യവും അവർക്കുണ്ടോ എന്ന് ചോദിക്കുന്നതിന്റെ സാരമെന്ത്? (സ്വാദ് 9 ,10)

A.ആകാശത്ത് കയറി നോക്കുവാൻ
B.അവർ ഒന്നിനും അർഹതയും അവകാശവുമില്ലാത്ത വളർച്ചയും നിലനിൽപ്പുമില്ലാത്തവരാണെന്ന് ബോധ്യപ്പെടുത്താൻ
C.അവരുടെ ഇഷ്ട്ട പ്രകാരം പ്രവാചകത്വം വീതം വെയ്ക്കാൻ
D.അർഹത ഉണ്ടെങ്കിൽ അവർക്ക് തന്നെ പ്രവാചകത്വം മാറ്റിക്കൊടുക്കാൻ

4."അഹ്സാബ്" മിത്ര(സഖ്യ)കക്ഷികൾ എന്ന് സൂറത്ത് സ്വാദിൽ പറഞ്ഞത് ആരെ കുറിച്ചാണ് ?
A.അസ്ഹാബുൽ ഐകത്ത്
B.അസ്ഹാബുൽ ഐകത്ത്, ഥമൂദ് ഗോത്രം, ലൂത്ത് നബിയുടെ ഗോത്രം
C.നൂഹിന്റെ ജനത, ആദ് ഗോത്രം,ഫിർഔൻ
D.മേൽ പറഞ്ഞ എല്ലാവരും

5.ന്യായ വിസ്താരത്തിന്റെ ദിവസത്തിന് മുമ്പ് ഞങ്ങളുടെ വിഹിതം ഞങ്ങൾക്ക് വേഗം നൽകേണമേ എന്ന് ചോദിച്ചവരാരാണ് ?

A.ലൂത്ത് നബിയുടെ ജനത

B.അസ്ഹാബുൽ ഐകത്ത്

C.അഹ്സാബുകൾ

D.മുശ്രിക്കുകൾ

6."കൈബലമുള്ളവൻ" എന്ന് ﷲ പറഞ്ഞത് ആരെക്കുറിച്ചാണ് ?

A.അയ്യൂബ് (അ)

B.മൂസ (അ)

C.ദാവൂദ് (അ)

D.സുലൈമാൻ (അ)

7.മനുഷ്യരിൽ വെച്ച് ഏറ്റവും വലിയ ഇബാദത്തുകാരൻ ആരായിരുന്നു?( ബുഖാരി)

A.മുഹമ്മദ് നബി (സ)

B.ഇബ്രാഹീം നബി (അ)

C.ദാവൂദ് (അ)

D.സുലൈമാൻ (അ)

8."പക്ഷികളും പർവ്വതങ്ങളും അദ്ദേഹത്തോട് വിനയവും അനുസരണയും കാണിച്ചിരുന്നു " എന്ന ഖുർആൻ വിവരണത്തിന് വിരുദ്ധമായത് ഏതാണ്?

A.ദാവൂദ് നബിയുടെ ഇഷ്ടം അനുസരിച്ച് അല്ലാഹു ഉദ്ദേശിച്ചത് നിർവഹിച്ചിരുന്നു

B.അദ്ദേഹമൊന്നിച്ച് രാവിലെയും വൈകീട്ടും തസ്ബീഹ് നടത്തുമാറ് കീഴ്പ്പെടുത്തി

C.അത് എങ്ങിനെയാണ് എന്ന് തിട്ടപ്പെടുത്താൻ സാധ്യമല്ല

D.മലകളും പക്ഷികളും മനുഷ്യരെ പോലെ തസ്ബീഹ് ചൊല്ലുന്നത് കേൾക്കും

9. സൂറത്തു സ്വാദിലെ 24 -)൦ വചനത്തിലെ സുജൂദ് ദാവൂദ് നബി (അ) അല്ലാഹുവിന് പശ്ചാത്താപമായിചെയ്തതും നാമത് ..................................എന്ന നിലയിലുമാണ് ചെയ്യുന്നത് ! വിട്ട് പോയ വാക്കേത് ?

A.നന്ദി

B.പാരായണം

C.മറവി

D.പ്രായശ്ചിത്തം

10.ദാവൂദ് നബിയെ പറ്റി പറയപ്പെടുന്ന കഥകളിൽ അധികവും എവിടെ നിന്നുള്ളതാണ്? ഇതിനെ പറ്റി ഇമാം ഇബ്നു കസീർ പ്രസ്താവിച്ചത് ?
A.ഖുർആനിൽ നിന്നുള്ളത്
B.ചരിത്ര സത്യങ്ങളിൽ നിന്നുള്ളത്
C.അറബിക്കഥകളിൽ പെട്ടത്
D.ഇസ്രായീൽ ഐതിഹ്യങ്ങളിൽ പെട്ടത്

11.ദാവൂദ് നബിയുടെ ആരാധനാ മണ്ഡപത്തിൽ വന്നവൻ ന്യായ വിധി ചോദിച്ചത് ആർക്കെതിരിലാണ് ?
A.ശത്രുവിനെതിരെ
B.സുഹൃത്തിനെതിരെ
C.സ്വന്തം സഹോദരനെതിരെ
D.അക്രമിയായ കൂട്ടുകാരനെതിരെ

12.നബിമാരെ കൊലപ്പെടുത്തുന്ന പതിവ് ആരുടേതാണ് ,എന്നാണ് ഖുർആൻ പറയുന്നത് ?
A.ഇസ്രായീല്യർ
B.ബഹുദൈവ വിശ്വാസികൾ
C.അവിശ്വാസികൾ
D.അതിരുകവിഞ്ഞ പ്രവർത്തി ചെയ്യുന്നവർ

13.ഹേ ദാവൂദ് ! എന്ന് വിളിച്ച് ഭൂമിയിലെ പ്രതിനിധിയായി ന്യായ വിധി നടത്താൻ കല്പിച്ചപ്പോൾ തന്നെ നിരോധിച്ച കാര്യം ഏതാണ്?(സ്വാദ് 26)
A.അന്യായം വിധിക്കരുത്
B.ഇച്ഛയെ പിന്പറ്റരുത്
C.സന്മാർഗം വിട്ട് വ്യതിചലിക്കരുത്
D.ശിക്ഷാർഹനാകരുത്

14. നബി (സ) യിൽ നിന്ന് തിർമദി ഉദ്ധരിച്ച ഹദീസ് പ്രകാരം ഖിയാമത്ത് നാളിൽ മനുഷ്യരിൽ വെച്ച് അല്ലാഹുവിങ്കലേക്ക് ഏറ്റവും വെറുക്കപ്പെട്ടവനും ഏറ്റവും കഠിന ശിക്ഷയുള്ളവനും ആര്?
A.അന്ധനും ബധിരനും മൂകനും
B.വേദ ഗ്രന്ഥങ്ങൾ തിരുത്തി എഴുതിയവർ
C.ബുദ്ധി ഉപയോഗിക്കാത്തവർ
D.നീതി കെട്ട നേതാവ്

15. വിശുദ്ധ ഖുർആൻ അവതരിപ്പിച്ചതിന്റെ ലക്ഷ്യമായി സൂറത്തു സ്വാദിൽ പറഞ്ഞ ഒരു കാര്യം ?
A.അർത്ഥമറിയാതെ പാരായണം ചെയ്യാൻ
B.ദൃഷ്ടാന്തങ്ങൾ ഉറ്റാലോചിക്കാൻ

C.അലങ്കാര ലിപികളായി പ്രദർശിപ്പിക്കാൻ
D.വരുമാന മാർഗ്ഗമായി ഉപയോഗിക്കാൻ

16. ഖുർആന്റെ അർത്ഥ സാരമറിയാതെ വായിക്കുന്നവർ " അക്ഷരങ്ങൾ പാഠമാക്കുകയും നിയമങ്ങൾ പാഴാക്കുകയും ചെയ്യുന്നു ........................ഇവരെ പറ്റി "വിജ്ഞാനികളുമല്ല മതത്തിന്റെ സംരക്ഷകരുമല്ല"എന്നിങ്ങനെ പ്രസ്താവിച്ചത് ആര്?

A.ഹസ്സൻ ബസ്വരി (റ)
B.ഇമാം അഹ്മദ്
C.ഇബ്നു കസീർ
D.ഇമാം റാഗിബ്

17.സുലൈമാൻ നബിയുടെ ആരാണ് ദാവൂദ് (അ) ?

A.പിതാവ്
B.പുത്രൻ
C.പിതാമഹൻ
D.അന്തരാവകാശി

18.സുലൈമാൻ നബി കുതിരകളുടെ കാൽ തടവി എന്നോ അറുത്തു കൊന്നുവെന്നോ ഉള്ള വ്യഖ്യാന വ്യത്യാസങ്ങളിൽ സയ്യിദ് ഖുതുബിന്റെ നിലപാട് ഏതാണ് ?

A.ഉറച്ച തീരുമാനമെടുക്കേണ്ട ;മൗനം അവലംബിക്കുക
B.തീരുമാനമെടുത്താൽ ഒന്നാമത്തെ വ്യഖ്യാനം സ്വീകരിക്കുക
C.ഭൂരിപക്ഷ തീരുമാനം ഏതായാലും അംഗീകരിക്കുക
D.യുക്തിക്ക് നിരക്കുന്ന തീരുമാനം സ്വീകരിക്കുക

19.സുലൈമാൻ നബി(അ) യുടെ പ്രാർത്ഥനയിൽ ആദ്യത്തെ ആവശ്യം എന്തായിരുന്നു ?

A.കാറ്റിനെ കീഴ്പ്പെടുത്തിതരണം
B.മറ്റാർക്കും നല്കിയിട്ടില്ലാത്തതും നല്കാത്തതുമായ അധികാരം വേണം
C.എനിക്ക് നീ പൊറുത്തു തരേണം
D,എനിക്ക് നീ കെട്ടിട നിർമാണക്കാരെ നൽകേണം .

20. (ചങ്ങലകളിൽ) വിലങ്ങു വെക്കപ്പെട്ടവരായി ആരെയാണ് സുലൈമാൻ നബിക്ക് അല്ലാഹു കീഴ്പ്പെടുത്തി കൊടുത്തത് ?

A.തൊഴിലാളികൾ
B.മനുഷ്യർ
C.മുങ്ങൽക്കാർ
D.അനുസരണയില്ലാത്ത പിശാചുക്കൾ

21 قَالَ رَبِّ اغْفِرْ لِي അദ്ദേഹം (സുലൈമാൻ നബി ) പറഞ്ഞു : എന്റെ റബ്ബേ എനിക്ക് നീ പൊറുത്ത് തരേണമേ .....ഈ വചനം പറഞ്ഞു കാണുമ്പോൾ നാം വിശ്വസിക്കാൻ പാടില്ലാത്ത കാര്യം ഏതാണ് ?

A.പ്രവാചകന്മാർക്ക് നിസ്സാര അബദ്ധം പിണഞ്ഞേക്കും

B.വമ്പിച്ച തെറ്റ്കുറ്റം ചെയ്തിരിക്കാം

C.അവർ അങ്ങനെ പ്രാർത്ഥിച്ചിട്ടുണ്ടാകും

D.നമ്മളും എപ്പോഴും പൊറുക്കലിന് പ്രാർത്ഥിക്കണം

22.ബുഖാരി മുസ്‌ലിം ഉദ്ധരിച്ച ഹദീസ് പ്രകാരം "റസൂലായ അടിമയായിരിക്കാനോ അതല്ല രാജാവായ നബിയായിരിക്കാനോ ഇഷ്ടമെന്ന് "ചോദിക്കപ്പെട്ടപ്പോൾ നബി (സ) തെരഞ്ഞെടുത്തത് എന്തായിരുന്നു ?

A.ഏതായാലും വിരോധമില്ല

B.ഒന്നാമത്തേത്

C.രണ്ടാമത്തേത്

D.രണ്ടും ഇഷ്ടം തന്നെ

23.അയ്യൂബ് നബിയെ കാണാതായപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അന്വേഷിച്ചത് ആരോടായിരുന്നു ?

A.വഴി പോക്കനോട്

B.സഹോദരനോട്

C.അയ്യൂബ് നബിയോട്

D.ദാവൂദ് നബിയോട്

24.അയ്യൂബ് നബിയുടെ ചരിത്രം ഈ വിവരണത്തിൽ ബുദ്ധിമാന്മാർക്ക് നൽകുന്ന പാഠമേത് ?

A.സമ്പത്തും അനുഗ്രഹങ്ങളും പങ്ക് വെക്കുന്നവർ കഷ്ടപ്പാടിൽ കൂട്ടിനുണ്ടാവില്ല

B.വലിയ അസുഖങ്ങൾ ആശ്വാസമാകാൻ തണുത്ത വെള്ളം ഔഷധമാണ് .

C.എല്ലാ പ്രയാസങ്ങൾക്കും ശേഷം ഒരു എളുപ്പം ഉണ്ടാകും

Dപരീക്ഷണ ഘട്ടങ്ങളിൽ ക്ഷമിച്ച് സഹിച്ച് അല്ലാഹുവിൽ അർപ്പിക്കുക

25.സുലൈമാൻ നബിയുടെ "ഒരാൾക്കും യോജിക്കാത്ത രാജത്വം" എനിക്ക് നൽകേണമേ എന്ന പ്രാർത്ഥനയിൽ നിന്നും ചോദിച്ചതിലേറെ സൗജന്യം നൽകി അല്ലാഹു ആദരിച്ചതിൽ നിന്നും പഠിതാവ് മനസ്സിലാക്കേണ്ട വസ്തുത?

A.ആർത്തിയുള്ളവന് ഔദാര്യം ലഭിക്കും

B.രാജാധി രാജനോട് സുലൈമാൻ (അ)ന്റെ രാജകീയമായ ചോദ്യവും ഔദാര്യവാന്റെ മറുപടിയും

C.ധിക്കാരവും അസൂയയും നിഴലിക്കുന്ന ചോദ്യമാണ് ചോദിച്ചത് .

D.അല്ലാഹുവിനോട് നേർക്ക് നേരെ ചോദിക്കരുത് മധ്യസ്ഥന്മാർ വേണം

26.നബി (സ) യുടെ ഹദീസ് പ്രകാരം "നീ ഒരു കാര്യം സത്യം ചെയ്തു പറഞ്ഞിട്ട് അതിനേക്കാൾ ഉത്തമമായത് മറ്റൊന്നായിരുന്നുവെന്ന് കണ്ടാൽ നീ ശപഥത്തിന് പ്രായശ്ചിത്തം കൊടുക്കുകയും ഉത്തമമായത് ഏതാണോ അത് ചെയ്യുകയും ചെയ്യുക ......(ബുഖാരി : മുസ്‌ലിം )
ശപഥത്തിന്റെ പ്രായശ്ചിത്തത്തിൽ പെടാത്തത് ഏത് ?

A. 10 സാധുക്കൾക്ക് ഭക്ഷണം അല്ലെങ്കിൽ വസ്ത്രം നൽകുക
B. 3 യത്തീമുകളുടെ സംരക്ഷണം ഏറ്റെടുക്കുക
C. 3 നോമ്പ് അനുഷ്ഠിക്കുക
D.ഒരു അടിമയെ മോചിപ്പിക്കുക

27.സൂറത്തു സ്വാദിൽ പേര് പറയാത്ത പ്രവാചകൻ ഏത് ?
A.ദുൽകിഫൽ
B.യൂനുസ്
C.അൽ യസഅ
D.അയ്യൂബ്

28.പ്രവാചകന്മാരുടെ ആഗമന ഉദ്ദേശ്യം വിവരണത്തിൽ പറഞ്ഞത് ഏത്?
A.പാരത്രിക ബോധവും ദൈവ വിശ്വാസവും മനുഷ്യരിൽ ഉണ്ടാക്കാൻ
B.അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കാൻ
C.ദൈവിക നിയമങ്ങൾ നടപ്പിലാക്കുന്ന സംവിധാനങ്ങൾ ഉണ്ടാക്കാൻ
D.വ്യക്തിപൂജയും വിഗ്രഹാരാധനകളും നടത്തുന്ന ആൾ ദൈവങ്ങളെ അവതരിപ്പിക്കാൻ

29.മുത്തഖികൾക്ക് (ഭയഭക്തന്മാർ) സൂറത്തു സ്വാദിലെ ഒന്നാം വാഗ്ദാനമെന്താണ് ?
A.വിജയം
B.സ്വർഗ്ഗം
C.നല്ല മടക്ക സ്ഥാനം
D.സുരക്ഷയുടെ സ്ഥാനം

30.മുത്തഖികൾക്ക്(ഭയഭക്തന്മാർ) സുഖിച്ചു കൊണ്ടിരിക്കുന്നതും പഴങ്ങളും പാനീയങ്ങളും ആവശ്യപ്പെടുന്നതും എങ്ങിനെയാണ് ?
A.നിന്ന് കൊണ്ട്
B.ഇരുന്ന് കൊണ്ട്
C.കിടന്ന് കൊണ്ട്
D.ചാരിയിരുന്ന് കൊണ്ട്

31.സ്വർഗ്ഗത്തിലെ സ്ത്രീകളുടെ പ്രായം എത്രയായിരിക്കും ?(സൂറ : സ്വാദ് )
A.വാർദ്ധക്യവും പക്വതയുമുള്ളവർ
B.പതിനേഴു വയസ്സ് തികഞ്ഞവർ
C.ഇണകൾക്ക് സമ വയസ്സ്കരായവർ
D.ഓരോരുത്തർക്കും മനസ്സിനിഷ്ടപ്പെട്ടവർ

32.ഗസ്സാഖ് (غساق) എന്നാൽ നരകത്തിലെ ശിക്ഷയിൽപെട്ട എന്താണ് ?
A.ചുട്ടു തിളച്ച് ഉരുകുന്ന ദ്രാവകം
B.തണുപ്പേറിയ ഒരു തരം വെള്ളം
C.കഴുത്തിലും കാലിലുമിടുന്ന ആമം
D.ചൂടേറിയ ഒരു തരം പാനീയം

33."നാമവരെ പരിഹാസ്യമാക്കിതീർത്തുവോ ?-അതല്ല നമ്മുടെ ദൃഷ്ടികൾ അവരിൽ നിന്ന് തെറ്റിപ്പോയതാണോ ?നരകാവകാശികൾ പരസ്പരം പറയുന്ന മേൽ വാക്കുകൾ ആരെക്കുറിച്ചാണ് ?
A.ദുർജനങ്ങളെക്കുറിച്ച്
B.നിദ്യരെക്കുറിച്ച്
C.നല്ല മനുഷ്യരിൽ ചിലരെ പറ്റി
D.നേതാക്കന്മാരെക്കുറിച്ച്

34.(നബിയേ) " പറയുക ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാണ് " എന്നാൽ ഇതേ വചനത്തിൽ തന്നെ ആരാധനക്കർഹനായ അല്ലാഹുവിന്റെ ആദ്യത്തെ എന്തെല്ലാമാണ് എടുത്ത് പറഞ്ഞിട്ടുള്ളത് ?(സ്വാദ് :65)
A.കാരുണ്യവാനും പൊറുത്ത് കൊടുക്കുന്നവനും
B.ഏകനും സർവ്വാധിപതിയും
C.സർവജ്ഞനും തത്വജ്ഞാനിയും
D.കാരുണ്യവാനും കരുണാനിധിയും

35."മലഉൽ അഅ്‌ലയെ സംബന്ധിച്ച് അവർ വിവാദം നടത്തിക്കൊണ്ടിരിക്കുമ്പോൾ എനിക്ക് യാതൊരു എനിക്ക് യാതൊരു അറിവുമുണ്ടായിരുന്നില്ല " ആര് ആരോടാണ് ?നടത്തിയ വിവാദം ?
A.അല്ലാഹു നബിയെക്കുറിച്ച് മലക്കുകളോട് നടത്തിയ വിവാദം
B.അല്ലാഹു മലക്കുകളെക്കുറിച്ച് നബി (സ) യോട് നടത്തിയ വിവാദം
C.നബി (സ) മലക്കുകളെക്കുറിച്ച് അവിശ്വാസികളോട് നടത്തിയ വിവാദം
D.മലക്കുകൾ മനുഷ്യനെക്കുറിച്ച് അല്ലാഹുവുമായി നടത്തിയ വിവാദം

36.മനുഷ്യന്റെ ഉൽപത്തിയെ കുറിച്ച് പ്രസ്താവിക്കുമ്പോൾ അല്ലാഹു ഉപയോഗിച്ചു കാണാത്ത മണ്ണേത് ?
A.തുറാബ് (മണ്ണ്)
B.റംല് ( മണൽ )
C.ത്വീൻ (കളിമണ്ണ്)
D.ഹമഇൻ മസ്നൂൻ ( കുഴച്ചു പാകപെട്ട കളിമണ്ണ് )

37..മലക്കുകളോട് അല്ലാഹു ആദമിന് സുജൂദ് ചെയ്യാൻ കല്പിച്ചതിൽ അടങ്ങിയതിന്റെ ഉദ്ദേശം നിസ്സംശയം ഇമാം റാസി(റ) പ്രസ്താവിച്ചത് ഏത് ?
A.ആദം നബി (അ) ന് ആരാധന ചെയ്യൽ അല്ല
B.ഒരു ഉപചാരവും ബഹുമാനവും എന്ന നിലയ്ക്കാണ്
C.ആദം നബി കേവലം ഖിബ്‌ലയും സുജൂദും അല്ലാഹുവിനുമായിരുന്നു
D.സുജൂദ് സാഷ്ടംഗ നമസ്കാരമല്ല - താഴ്ചയും വിനയവും കാണിക്കലാണ്

38.ഗർവ്വും അഹന്തതയും ഒരാളെ ഏറെ അധപതിക്കുമെന്നതിന് ഉദാഹരണമായി നമുക്ക് ലഭിച്ച വമ്പിച്ച പാഠം ആരുടേതാണ് ?
A.ഇബ്‌ലീസിന്റെ
B.മലക്കുകളുടെ
C.മനുഷ്യരുടെ
D.രാജാക്കന്മാരുടെ

39.പിശാച് അല്ലാഹുവിന്റെ പ്രതാപം കൊണ്ട് സത്യം ചെയ്തു പറഞ്ഞ പ്രതിജ്ഞ ഏത് ?
A.ഞാൻ മനുഷ്യരെ മുഴുവൻ തീർച്ചയായും വഴി തെറ്റിക്കും
B.ഞാൻ അവനേക്കാൾ ഉത്തമനാണ് നീ എന്നെ അഗ്നിയാൽ സൃഷ്ടിച്ചിരിക്കുന്നു
C.അവനേക്കാൾ ഉത്തമനാണ് ഞാൻ നീ അവനെ കളിമണ്ണിലാണ് സൃഷ്ടിച്ചത്
D.ഉയർത്തെഴുന്നേല്പു നാൾ വരെ കാല താമസം നൽകേണമേ ..

40. العالمين ലോകർ എന്ന വാക്കിൽ ഉൾപ്പെടാത്ത വിഭാഗം ഏത് ?
A.പക്ഷി മൃഗാദികൾ
B.മനുഷ്യർ
C.മലക്കുകൾ
D.ജിന്നുകൾ

41.ഒരു മനുഷ്യന്റെ അറിവിൽ പെട്ടതും അറിവിന്റെ ലക്ഷണവുമായി വിവരണത്തിൽ പ്രത്യേകം എടുത്തു പറഞ്ഞ കാര്യം ഏതാണ് ?
A.അറിവുള്ളവർ അറിവനുസരിച്ച് പറഞ്ഞു കൊടുക്കുന്നത്
B.അറിവില്ലാത്തവർ അറിവില്ല എന്ന് മറുപടി പറയുന്നത്
C.അറിയാത്ത പക്ഷം അല്ലാഹുവിന്നറിയാം എന്ന് പറയുന്നത്
D.അറിയില്ലെങ്കിലും ഉള്ള അറിവും ഊഹവും ചേർത്ത് മറുപടി പറയുന്നത്

..............................

42.അല്ലാഹുവിനെ എങ്ങിനെ ആരാധിക്കാനാണ് ഖുർആൻ കൽപ്പിക്കുന്നത് ? ?(സുമർ 2 )
A.പരസ്യമായി
B.സ്വകാര്യമായി
C.നിഷ്കളങ്കമായി
D.ഇഷ്ടപ്രകാരം

43 أَلَا لِلَّهِ ٱلدِّينُ ٱلْخَالِصُ ഇവിടെ "ദീൻ" എന്നാൽ എന്താണർത്ഥം?(സുമർ 2 )
A.പ്രതിഫലം
B.മതം
C.കടം
D.സ്റ്റേറ്റ്

44.അല്ലാഹുവിന് പുറമെ കാര്യകർത്താക്കളെ ഏർപ്പെടുത്തിയ ശിർക്ക് ചെയ്യുന്നവരുടെ ന്യായീകരണം എന്താണ് ?(സുമർ 3 )
A.അവർ അല്ലാഹുവിലേക്ക് ഞങ്ങളെ അടുപ്പിക്കുവാനാണ്
B.അവരുടെ ശുപാർശ ഞങ്ങൾക്ക് കിട്ടുവാനാണ്
C.അവർ ഞങ്ങൾക്ക് അല്ലാഹുവിന്റെ പകരക്കാരാണ്
D.അവർ തന്നെയാണ് അല്ലാഹു ഏൽപിച്ചവർ

45.അല്ലാഹുവിന് സന്താനമില്ല ! അഥവാ വേണമെങ്കിൽ എവിടെ നിന്ന് തെരഞ്ഞെടുക്കാം എന്നാണ് സർവ്വാധിപതിയായ ഏകനായ അല്ലാഹു പറയുന്നത് ?(സുമർ 4 )
A.സൃഷ്ടികളിൽ നിന്ന്
B.മലക്കുകളിൽ നിന്ന്
C.മനുഷ്യരിൽ നിന്ന്
D.ജിന്നുകളിൽ നിന്ന്

46.കന്നുകാലികളിൽ നിന്ന് എത്ര തരം ഇണകളെയാണ് സൃഷ്ടിച്ചത്? (സുമർ 6)
A.6
B.7
C.8
D.9

47.സൂര്യചന്ദ്രന്മാർ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത് ഏത് വരെയാണ്?(സുമർ 5)
Aലോകവസാനം വരെ
B.നിർണ്ണയിക്കപ്പെട്ട അവധി വരെ
C.കത്തിത്തീരും വരെ
D.എന്നെന്നേക്കുമായി

48.മാതാക്കളുടെ ഉദരത്തിൽ ഒന്നിന് പുറമേ മറ്റൊന്നായി എത്ര അന്ധകാരങ്ങളിയായിട്ടാണ് മനുഷ്യരെ അല്ലാഹു സൃഷ്ടിക്കുന്നത് ?
A.1
B.2
C.3
D.4

49 نفس (നഫ്സ്) എന്ന പദത്തിന്റെ അർത്ഥത്തിൽപെടാത്ത ഒരു വാക്ക് ഏത് കൂട്ടത്തിലാണ്?
A.ജീവൻ,ആത്മാവ്,രക്തം
B.ദേഹം,ആൾ,മഹത്വം
C.യോഗ്യത,കണ്ണ്,ശരീരം
D.ശ്വാസം,താൻ,സ്വയം

50. "യുകവ്വിറുല്ലൈല അലന്നഹാരി" ......يُكَوِّرُ اللَّيْلَ عَلَى النَّهَارِ രാത്രിയെ പകലിന്മേൽ ചുറ്റിപ്പൊതിയുന്നു .പകലിനെ കൊണ്ട് രാത്രിയുടെ മേൽ ചുറ്റിപ്പൊതിയുന്നു " ഇവ പരസ്പരം മൂടുന്ന വിധത്തിലായത് എന്ത് കൊണ്ടെന്നാണ് വിവരണത്തിൽ പറയുന്നത് ?
A.ഭൂമി പരന്നതായത് കൊണ്ട്
B.ഭൂമി ഗോളാകൃതി ആയതിനാൽ
C.ആകാശം പരന്നതായതിനാൽ
D.ലോകം മുഴുവൻ ഗോളാകൃതിയിൽ ആയതിനാൽ

51.മനുഷ്യ സൃഷ്ടിയെ സംബന്ധിച്ച് വിവിധ പരാമർശങ്ങൾ നടത്തിയ ഖുർആൻ സൂറത്തു ഗാഫിറിൽ പ്രസ്താവിച്ചത് ഏത് ?
A.ഒരേ ദേഹത്തിൽ നിന്ന്, അതിന്റെ ഇണയെയും പിന്നീടതിൽ നിന്ന് ജനങ്ങളെയും സൃഷ്ടിച്ചു
B.ഒരറ്റ ശരീരത്തിൽ നിന്നും, വാരിയെല്ലിൽ നിന്നും ഇണയെയും സ്ത്രീയെയും സൃഷ്ടിച്ചു

C.വെള്ളത്തിൽ നിന്നും സൃഷ്ടിച്ചു
D.മണ്ണിൽ നിന്ന്, ഇന്ദ്രിയ തുള്ളിയിൽ നിന്ന്, രക്ത പിണ്ഡത്തിൽ നിന്ന്

52.സൂറത്തു ഇബ്രാഹീമിൽ നിങ്ങൾ നന്ദി കാണിച്ചാൽ നിശ്ചയമായും ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ച് തരും എന്നാൽ നന്ദികേട് കാണിച്ചാൽ ...................................................?
A.കുറച്ച് തരും
B.ഒന്നും തരില്ല
C.പകുതി തരും
D.ശിക്ഷ കഠിനമാണ്

53.മനുഷ്യന് അല്ലാഹുവിൽ നിന്ന് അനുഗ്രഹം അധീനമാക്കി കൊടുത്താൽ മനുഷ്യൻ മറന്ന് കളയുന്ന കാര്യം എന്താണ് ?
A.ഉപദ്രവം ബാധിച്ച കാര്യം
B.അനുഗ്രഹം ലഭിച്ച കാര്യം
C. പ്രാർത്ഥിച്ചു ചെയ്ത കാര്യം
D. വേദിച്ചു മടങ്ങിയ കാര്യം

54.അറിയുന്നവനും അറിയാത്തവനും സമമാകുമോ ? എന്ന ചോദ്യത്തിന് മുമ്പ് മാതൃക കാണിച്ച ഭക്തിയുള്ളവനായി നമസ്കരിക്കുന്നവന്റെ രണ്ട് പ്രത്യേക ഗുണങ്ങൾ എടുത്ത് പറഞ്ഞത് എന്തെല്ലാമാണ് ?
A.ഭയവും ഭക്തിയും
B.താഴ്ച്ചയും വിനയവും
C.ഭയപ്പാടും പ്രതീക്ഷയും
D.ഭക്തിയും സ്നേഹവും

55.വിശ്വസിച്ചവരായ എന്റെ അടിയാന്മാരെ,എന്ന് സംബോധനം ചെയ്ത് ആരംഭിക്കുന്ന വചനത്തിൽ സഹന ശീലന്മാർക്ക് നൽകപ്പെടുന്ന പ്രതിഫലം എപ്രകാരമാണ് കണക്കാക്കിയത് ?
A.ഒന്നിന് രണ്ടായി ഇരട്ടിപ്പിക്കുന്നു
B.ഒന്നിന് ഏഴായി വർദ്ധിപ്പിക്കുന്നു
C.ഒന്നിന് എഴുപതിനായിരമായിതീർക്കുന്നു
D.കണക്കില്ലാത്തത്രയും പ്രതിഫലം നിറവേറ്റുന്നു

56.ഈ സമുദായത്തിലെ ഒന്നാമത്തെ മുസ്ലിം ആരാണ് ?
A.ആദം നബി (അ)
B.അബൂബക്കർ സിദ്ധീഖ് (റ)
C.ഇബ്രാഹീം നബി (അ)
D.മുഹമ്മദ് നബി (സ)

57.അല്ലാഹു മാർഗ്ഗ ദർശനം നൽകിയിട്ടുള്ളവരും ബുദ്ധിമാന്മാരും ആരാണെന്നാണ് സൂറത്തു സുമറിൽ പറയുന്നത് ?

A.എല്ലാം കേൾക്കുകയും എല്ലാം പിൻപറ്റുകയും ചെയ്യുന്നവർ

B.നല്ലത് മാത്രം കേൾക്കുകയും നല്ലത് മാത്രം പിൻപറ്റുകയും ചെയ്യുന്നവർ

C.എല്ലാം ശ്രദ്ധിച്ചു കേൾക്കുകയും നല്ലതിനെ പിൻപറ്റുകയും ചെയ്യുന്നവർ

D.ഇഷ്ടപ്പെടുന്നവരെ ശ്രദ്ധിച്ചു കേൾക്കുകയും ഇഷ്ടമുള്ളത് പിൻപറ്റുകയും ചെയ്യുന്നവർ

58.അല്ലാഹുവിൽ നിന്നുള്ള പ്രകാശത്തിൽ ഉള്ളവർ ആരാണ് ?

A.അല്ലാഹു ഇസ്ലാമിലേക്ക് ഹൃദയം വികാസം നൽകിയവർ

B.മുഹമ്മദ് നബിയും കുടുംബവും

C.അല്ലാഹുവിന്റെ പ്രകാശം കൊണ്ട് സൃഷ്ടിക്കപ്പെട്ടവർ

D.മലക്കുകൾ

59.ഉപദേശങ്ങൾ കേട്ടനുസരിക്കാതെ ശിക്ഷാർഹരെക്കുറിച്ച് അല്ലാഹു നബി (സ) യോട് ചോദിക്കുന്നതെന്താണ് ?(സുമർ 19)

A.നീ നരകത്തിലുള്ളവരെ രക്ഷപ്പെടുത്തുമോ ?

B.നീ നരകത്തിലുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമോ ?

C.നീ നരകത്തിന് അർഹരായവർക്ക് ശുപാർശ ചെയ്യുമോ ?

D.നീ നരകത്തിന്റെ അവകാശികളെ സന്മാർഗ്ഗത്തിലാക്കുമോ ?

60.അല്ലാഹുവിന്റെ മാർഗ്ഗ ദർശന ഗ്രന്ഥത്തിന്റെ സവിശേഷതകൾ പ്രസ്താവിക്കുന്ന (സുമർ 23) വചനത്തിൽ എത്ര കാര്യങ്ങളാണ് വിവരണത്തിൽ എണ്ണിപ്പറയുന്നത് ?

A.4

B.5

C.6

D.7

61.ജനങ്ങൾ ആലോചിക്കുവാൻ വേണ്ടി ഖുർആൻ വിവരിച്ചുവെന്ന് പറഞ്ഞത് എന്തിനെ കുറിച്ചാണ് ? (സുമർ)

A.കഥകൾ

B.കൽപനകൾ

C.ഉപദേശങ്ങൾ

D.ഉപമകൾ

62.സൂറത്തു സുമറിൽ ഉപമിച്ച رَجُلًا سَلَمًا لِرَجُلٍ "ഒരു പുരുഷന് മാത്രം തനിച്ചായ വേറൊരു പുരുഷൻ ആർക്കുള്ള ഉപമയാണ് ?
A.ബഹു ദൈവാരാധകൻ
B.ഏക ദൈവാരാധകൻ
C.സ്വൈര്യമില്ലാത്ത അടിമ
D.സമാധാനമില്ലാത്ത മനുഷ്യൻ

63."നബിയേ തീർച്ചയായും നീ മരണപ്പെട്ടു പോകുന്നവനാണ് "അവരും മരണപ്പെട്ടു പോകുന്നവർ തന്നെ (സുമർ)..
നബി (സ) മരിച്ചിട്ടില്ല മരിക്കുകയുമില്ല എന്ന് പറയുന്നവർ ഏത് വിഭാഗത്തിൽ പെടുന്നു ?
A.ഖുർആനിന്റെ നിഷേധികൾ
B.പ്രവാചകനെ അറിഞ്ഞവർ
C.അല്ലാഹുവിന്റെ വാക്ക് മനസ്സിലാക്കുന്നവർ
D.യഥാർത്ഥ അഹ്ലുസുന്നത്തി വൽജമാഅത്ത്

64."അല്ലാഹുവിന് പുറമെയുള്ളവരെ കൊണ്ട് അവൻ നിന്നെ ഭയപ്പെടുത്തുന്നു " (സുമർ) ഇത്തരം ഭീഷണികളിൽ ഭയപ്പെട്ട് പോകാത്തവർ ആരാണ് ?
A.വിഗ്രഹാരാധന നടത്തുന്നവർ
B.നേർച്ച വഴിപാട് നടത്തുന്നവർ (അല്ലാഹുവിനല്ലാതെ)
C.മരിച്ചവരെ വിളിച്ച് തേടുന്നവർ
D.ഏക ദൈവത്തിൽ മാത്രം വിശ്വസിക്കുന്നവർ

65."നീ അല്ലാഹുവിനെ കാത്ത്കൊള്ളുക ,അവൻ നിന്നെ കാക്കും നീ അല്ലാഹുവിനെ കാക്കുക, നിന്റെ മുമ്പിൽ നിനക്കവനെ കാണാം " തൗഹീദ് വിളംബരം ചെയ്യുന്ന ഈ ഹദീസ് ഉദ്ധരിച്ചത് ആരാണ് ?
A.ഇബ്നു മസ്ഊദ് (റ)
B.ഇബ്നു ഉമർ (റ)
C.ഇബ്നു അബ്ബാസ് (റ)
D.അബൂഹുറൈറ (റ)

66.ഉറങ്ങാൻ കിടക്കുമ്പോഴുള്ള പ്രാർത്ഥനയുടെ അവസാന ഭാഗം താഴെ തന്നതിൽ വന്നിട്ടുള്ള തെറ്റുകൾ എത്രയാണ്? (ബുഖാരി മുസ്ലിം)
.....وَإِنْ اَرْسَلْتَهَا فَاحْفظهَا كَمَا تَحْفَظُ بِهَا عِبَاده الصَّالحِينْ
A.3
B.4
C.5
D.6

67."പറയുക അല്ലാഹുവിനാണ് ശുപാർശ മുഴുവൻ" എന്നാൽ അല്ലാഹുവിനോട് ശുപാർശ ചെയ്യുവാൻ അവകാശം നൽകപ്പെട്ടവർക്ക് പോലും അനിവാര്യമായ രണ്ട് കാര്യങ്ങൾ ഏവ? (സുമർ)

A.ശുപാർശക്ക് മുൻകൂട്ടി അനുമതിയും ശുപാർശ ചെയ്യപ്പെടുന്നവരെപ്പറ്റി തൃപ്തിയും
B.ശുപാർശ ലഭിക്കുന്നവന്റെ അനുമതിയും ശുപാർശ ചെയ്യുന്നവന്റെ അനുമതിയും
C.ശുപാർശ ലഭിക്കുന്നവന്റെ തൃപ്തിയും അല്ലാഹുവിന്റെ അനുമതിയും
D.ശുപാർശ ചെയ്യുന്നവന്റെ തൃപ്തിയും ശുപാർശ കിട്ടുന്നവന്റെ അനുമതിയും

68.പ്രതിമകളെയും പിശാചുക്കളെയും ജിന്നുകളെയും മലക്കുകളെയും മരിച്ചു പോയ മഹാന്മാരെയും വിളിച്ചു തേടുകയും അതേ സമയം അല്ലാഹുവിനെ അംഗീകരിക്കുകയും ചെയ്യുന്നവർ ഗൗരവമായി ചിന്തിക്കേണ്ടുന്ന ഖുർആനിന്റെ ചോദ്യം ?
A.ഞങ്ങളുടെ സഹായികളായ മൺ മറഞ്ഞ മഹാന്മാരെ ഒഴിവാക്കണമെന്നോ?
B.ഞങ്ങളുടെ പൂർവ്വികർ ചെയ്തത് മൂലം ഞങ്ങൾ നരകാവകാശികൾ ആണെന്നോ ?
C.ലോകത്തെ മഹാ ഭൂരിപക്ഷം മനുഷ്യരും മഹാ പാപികൾ ആണെന്നോ ?
D.അല്ലാഹുവിന്റെ അടിമക്ക് അല്ലാഹു മതിയായവൻ അല്ലേ ?

69.എനിക്ക് അല്ലാഹു മതി ! ഭരമേൽപ്പിക്കുന്നവൻ അവന്റെ മേൽ ഭരമേല്പിക്കുന്നതാണ് .(സുമർ :38 )
ഈ ഖുർആൻ വചനം സ്വീകരിക്കാത്തവരുടെ പിഴച്ചു പോയ വിശദീകരണമേത് ?
A.അല്ലാഹുവിനെ അറിഞ്ഞിട്ടും മറ്റുള്ളവരിൽ നിന്ന് നന്മ തിന്മ പ്രതീക്ഷിക്കുന്നത് വിഢിത്തമാണ്
B.അല്ലാഹുവിൽ ഭരമേൽപ്പിച്ചാൽ പിന്നെ മറ്റൊരാളുടെയും സഹായം ആവശ്യമില്ല
C.അല്ലാഹു ഉദ്ദേശിച്ചതിന് അപ്പുറം ചെയ്യാൻ ഒരാൾക്കും സാധ്യമല്ല
D.മേൽ പറഞ്ഞതെല്ലാം പുത്തൻ വാദമാണ് ,ഔലിയാക്കളില്ലാതെ ഒന്നും നടക്കില്ല

70.(നബിയേ) പറയുക ;എന്റെ ജനങ്ങളേ നിങ്ങൾ നിങ്ങളുടെ നിലപാടനുസരിച്ച് പ്രവർത്തിക്കുവിൻ ;ഞാൻ പ്രവർത്തിക്കുന്നവനത്രെ,എന്നാൽ വഴിയെ നിങ്ങൾക്ക് കാണാനാകുമെന്ന് പറഞ്ഞയുടൻ വ്യക്തമാക്കുന്നത് എന്തിനെക്കുറിച്ചാണ്
A.രക്ഷ

B.ശിക്ഷ
C.സ്വാതന്ത്രം
D.സന്തോഷം

71."നീ അവരുടെ മേൽ (ബാധ്യത ) ഏല്പിക്കപ്പെട്ടവനല്ല "എന്ന് ഖുർആൻ വചന പ്രകാരം നബി (സ) യുടെ ബാധ്യത ഏത് കാര്യത്തിലാണ് നിശ്ചയിക്കപ്പെട്ടത്
A.വഴിപിഴച്ചവരെ സന്മാർഗത്തിൽ നില നിർത്തൽ
B.ഗ്രന്ഥം ജനങ്ങൾക്ക് എത്തിക്കലും വിവരിക്കലും
C.നിർബന്ധമായി മത പരിവർത്തനം ചെയ്യിക്കൽ
D.പ്രവാചക സ്ഥാനത്ത് നിന്ന് കൊണ്ട് മൗനം പാലിക്കൽ

72. ...اللهم ربّ جبريل അല്ലാഹുവേ! ജിബ്‌രീലിന്റെയും മീകാഈലിന്റെയും ഇസ്രാഫീലിന്റെയും രക്ഷിതാവേ,അദൃശ്യവും ദൃശ്യവും അറിയുന്നവനേ എന്ന് തുടങ്ങുന്ന പ്രാർത്ഥന നബി (സ) രാത്രി എപ്പോഴാണ് പ്രാർത്ഥിച്ചിരുന്നത് ?
A.ഫർള് നമസ്കാര ശേഷം
B.സുന്നത്ത് നമസ്കാര ശേഷം
C.സുന്നത്ത് നമസ്കാരത്തിന് മുമ്പ്
D.സുന്നത്ത് നമസ്കാരം തുടങ്ങുന്ന അവസരം

73.അധികമാളുകളും അറിയാത്ത ഒരു പരീക്ഷണത്തിലെ അല്ലാഹുവിനോടുള്ള നന്ദിക്കേട് ഏതാണ് ?(സുമർ:49 )
A.അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത്
B.അനുഗ്രഹം അധീനപ്പെടുത്തിക്കൊടുക്കുന്നത്
C. കാര്യം നേടിയാൽ അല്ലാഹുവിനോട് പ്രാർത്ഥിക്കാതിരിക്കുന്നത്
D.അറിവും സാമർത്ഥ്യവും യോഗ്യതയും പറഞ്ഞ് അഹങ്കരിക്കുന്നത്

74."അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്തിന്റെ നൂറിൽ ഒരംശം മാത്രമേ ഈ ഭൂമിയിൽ അവൻ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളൂ "വെന്ന ഹദീസിൽ കാരുണ്യത്തിന്റെ 99 ഭാഗം എവിടെയാണ് ?(ബുഖാരി മുസ്ലിം)
A.ഓരോ ആകാശങ്ങൾക്ക് കീഴിലും
B.ഭൂമിയല്ലാത്ത ഗോളങ്ങളിലെ ജീവികളിൽ
C,മലക്കുകളുടെയും ആത്മാക്കളുടെയും ലോകത്ത്
D.ഖിയാമത്ത് നാളിൽ പ്രത്യക്ഷപ്പെടുത്തും

75.തന്റെ റബ്ബിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുന്നവർ വഴി പിഴച്ചവർ അല്ലാതെ ആരാണ് എന്ന് ചോദിച്ചത് ആര് ?(ഹിജ്ർ 56)
A.യഅഖൂബ് നബി (അ)
B.മുഹമ്മദ് നബി (സ)
C.ഇബ്രാഹീം നബി (അ)
D.യൂസുഫ് നബി (അ)

76.അല്ലാഹുവിന്റെ അത്യുദാരമായ വാഗ്ദാനവും അതിമഹത്തയ ഒരു സന്തോഷ വാർത്തയും സത്യവിശ്വാസികൾക്ക് ആശ്വാസവും ആവേശവും നൽകുന്നത് സൂറത്ത് സുമറിലെ ഏത് വിഷയത്തിലുള്ള വചനമാണ് ?
A.വേദ ഗ്രന്ഥം അവതരിപ്പിച്ച അഗാതജ്ഞനാണ് അല്ലാഹു
B.ആകാശത്ത് നിന്ന് മഴയും ഭക്ഷണവും ഇറക്കിയവനാണ് അല്ലാഹു
C.രക്ഷിതാവിനെ സൂക്ഷിച്ചവർക്ക് സ്വർഗ്ഗ പ്രവേശനം നൽകും
D. കുറ്റം ചെയ്തവർ നിരാശപ്പെടരുത്;എല്ലാം പൊറുക്കുന്ന കാരുണ്യവാനാണ് അല്ലാഹു

77.അല്ലാഹു പൊറുക്കാത്ത പാപം ;അത് ചെയ്ത് പോയാൽ അവൻ തീർച്ചയായും വിദൂരമായ വഴിപിഴവ് പിഴച്ചു പോയി എന്ന് പറഞ്ഞത് ഏത് തെറ്റിനെക്കുറിച്ചാണ് ?
A.ബിദ്അത്ത്
B.ശിർക്ക്
C.കൊലപാതകം
D.കൊള്ള

78.അല്ലാഹുവിൽ നിന്നുള്ള കാരുണ്യവും പാപമോചനവും ലഭിക്കാറുള്ള മൂന്ന്ഉപാധികൾ സൂറത്തു സുമറിൽ പറയപ്പെടുന്നതിൽ ഉൾപ്പെടാത്തത്ഏത് ?
A.വിധി വിലക്കുകൾ അനുസരിച്ചു അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കുക
B.ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിച്ച് അതനുസരിച്ച് പ്രവർത്തിക്കുക
C.അല്ലാഹുവിന്റെ ഉറ്റവരുടെ ശുപാർശ ലഭിക്കാനായി പരിശ്രമിക്കുക
D.മാനസാന്തരപ്പെട്ട് ഭയഭക്തിയോടെ അല്ലാഹുവിലേക്ക് മടങ്ങുക

79.മരണത്തിന് മുമ്പ് ഖേദിച്ച് മടങ്ങാത്ത പക്ഷം അവസാനം കുറ്റവാളികൾ പറയുന്ന മൂന്ന് വിലാപങ്ങൾ സൂറത്തു സുമറിലുണ്ട്;കൂട്ടത്തിൽ പറയാത്ത കാര്യം ഏത്?
A.കടമകൾ നിറവേറ്റുന്നതിൽ വീഴ്ച്ച വരുത്തിയല്ലോ
B.അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗ ദർശനം ലഭിക്കാത്തതിനാലാണ് സംഭവിച്ചത്
C.ഐഹിക ജീവിതത്തിലേക്ക് ഒരിക്കൽ കൂടി മടങ്ങിയാൽ നന്നായിരുന്നു
D.കാര്യങ്ങൾ ഇത്ര അപകടമാണന്ന് ആരും പറഞ്ഞു തന്നില്ല

80.അല്ലാഹുവിന്റെ പേരിൽ വ്യാജം പറഞ്ഞിട്ടുള്ളവരുടെ മുഖം ഖിയാമത്ത് നാളിൽ എങ്ങിനെയായിരിക്കുമെന്നാണ് (സുമർ)പറയുന്നത്
A.വെളുത്ത് പ്രകാശിക്കുന്നത്
B.ചുവന്ന് കത്തുന്നത്
C.കറുത്ത് ഇരുണ്ടത്
D.നിറ ഭേദങ്ങൾ ഇല്ലാത്തത്

81. "അഹംഭാവികൾക്ക് ജഹന്നമിൽ (നരകത്തിൽ)പാർപ്പിടമില്ലയോ" എന്ന് എത്ര തവണയാണ് സൂറത്തു സുമറിൽ ആവർത്തിച്ചു ചോദിച്ചത്?
A.1
B.2
C.3
D.4
82. അഹംഭാവത്തിന്റെ നിർവചനം നബി (സ) വചനത്തിൽ ഇബ്നു മസ്ഊദ് (റ)പറഞ്ഞതായി മുസ്‌ലിം ഉദ്ധരിച്ചത് ഏതാണ് ?
A.താനാണ് മറ്റുള്ളവരേക്കാൾ ശ്രേഷ്ഠൻ എന്ന വിചാരം
B.അന്യരെ പുഛിക്കുന്ന നടത്തവും നോട്ടവും
C.വസ്ത്രത്തിലും വാഹനത്തിലും സൗന്ദര്യം പ്രകടിപ്പിക്കൽ
D.യാഥാർഥ്യത്തോട് ധിക്കാരവും ജനങ്ങളെ അവഗണിക്കലും

83.സൽകർമ്മങ്ങൾ മുഴുവനും നിഷ്ഫലമാക്കുകയും നഷ്ഠക്കാരിൽ പെട്ടവനാകുകയും ചെയ്യുന്ന ഏത് കാര്യത്തെകുറിച്ചാണ് പ്രവാചകന്മാർക്ക് ദിവ്യസന്ദേശം നൽകിയിട്ടുള്ളത്
A.അഹങ്കാരം
B.നന്ദിക്കേട്
C.ശിർക്ക്
D. അസൂയ

84.ശിർക്ക് ചെയ്യുന്നവർ പര ദൈവങ്ങളെ സ്വീകരിക്കുകയും ആരാധിക്കുകയും തൗഹീദ് തിരസ്കരിക്കുയും ചെയ്യാൻ കാരണമായി ഖുർആൻ പറയുന്നതെന്ത് ? (സുമർ :67 )

A.അല്ലാഹുവിന് അവന്റെ യഥാർത്ഥ മഹത്വം അവർ കൽപിച്ചില്ല
B.വ്യാജ ദൈവങ്ങൾ അവരെ സഹായിച്ചു പോന്നു
C.പിശാച് അവരെ വഴിപിഴപ്പിച്ചു
D.പണ്ഡിത വേഷധാരികൾ അവരെ പറഞ്ഞു കബളിപ്പിച്ചു

85.ഖിയാമത്ത് നാളിൽ അല്ലാഹു വലത് കയ്യിൽ ചുരുട്ടി പിടിക്കുന്നത് എന്താണ് ?
A.ഭൂമി മുഴുവൻ
B.പ്രപഞ്ചം മുഴുവൻ
C.ആകാശങ്ങൾ
D.സൂര്യചന്ദ്രന്മാർ

86.ആദ്യത്തെ കാഹളം ഊത്തിൽ ബോധംകെട്ട് (മരിച്ചു) പോകുന്നവരാര്? അല്ലാഹു ഉദ്ദേശിച്ചവർ ഒഴികെ........
A.ഭൂമിയിലുള്ള മനുഷ്യരും ജീവജന്തുക്കളും
B.ആകാശ ഭൂമികളിലുള്ളവർ
C.ജീവികളും ജന്തുക്കളും
D.പക്ഷികളും മൃഗങ്ങളും

87.അന്ത്യ ദിനത്തിൽ സ്വർഗ്ഗത്തിന്റെ വാതിലുകളും നരകത്തിന്റെ വാതിലുകളും തുറക്കുന്നതിലുള്ള വ്യത്യസ്തത ഏതാണ് ?
A.രണ്ടു വാതിലുകളും അർഹതപെട്ടവർ വരും മുമ്പേ തുറന്നിരിക്കും
B.രണ്ടു വാതിലുകളും അർഹതപെട്ടവർ അടുത്തു വന്നാൽ തുറക്കും
C.രണ്ടു വാതിലുകളും അർഹതപ്പെട്ടവർക്ക് മലക്കുകൾ തുറന്ന് കൊടുക്കും
D.സ്വർഗ്ഗ വാതിൽ നേരത്തേ തുറന്നു വെച്ചിരിക്കും നരക വാതിൽ വരുമ്പോൾ തുറക്കും

88.സ്വർഗ്ഗ പ്രവേശന സമയത്ത് അല്ലാഹുവിനെ സ്തുതിക്കുന്ന സജ്ജനങ്ങൾ തങ്ങൾക്ക് അവകാശപെടുത്തി തന്ന സ്വർഗ്ഗത്തിന് ഭൂമി എന്ന് പറഞ്ഞു യഥാർത്ഥത്തിൽ സ്വർഗ്ഗം എന്താണ് ?
A.ഭൂമിയിൽ തന്നെയാണ് സ്വർഗ്ഗം
B.ഭൂമിയിലെ പ്രത്യേകമായ വാസസ്ഥലമാണ് സ്വർഗ്ഗം
C.അനുമാനത്തിനും ഭാവനയ്ക്കും അതീതമായ മഹാ ലോകമാണ് സ്വർഗ്ഗം
D.ആകാശ ലോകത്താണ് സ്വർഗ്ഗം

89.അന്ത്യ ദിനത്തിൽ വിചാരണകളും വിധികളും കഴിഞ്ഞാൽ മലക്കുകളുടെ പ്രതികരണം സൂറ:സുമറിന്റെ അവസാനത്തിൽ പറയുന്നത് എന്ത്?
A.അർശിന് ചുറ്റും പൊതിഞ്ഞു നിന്ന് സ്തോത്ര കീർത്തനം ഉൽഘോഷിക്കും
B.സത്യവിശ്വാസികൾക്ക് വേണ്ടി നന്മയുണ്ടാകാൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കും
C.നരകാവകാശികൾക്ക് പൊറുത്ത് കൊടുത്തു രക്ഷപ്പെടുത്താൻ ശ്രമിക്കും
D.സ്വർഗ്ഗാവകാശികളുടെ കൂടെ സ്വർഗ്ഗസ്ഥരായിരിക്കും

90.സൂറത്തു മുഅ്മിനിന്റെ മറ്റൊരു പേര് ?
A.ഗാഫിർ
B.മുഅ്മിനൂൻ
C.സുമർ
D.സ്വാദ്

91.അല്ലാഹുവിന്റെ സന്ദേശ ലക്ഷ്യങ്ങളിൽ തർക്കം നടത്തുന്നവർ ആരാണ് ?
A.സത്യം ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവർ
B.ചർച്ച ചെയ്തു മനസ്സിലാക്കാൻ ഉദ്ദേശിക്കുന്നവർ
C.കാര്യം അന്വേഷിച്ചറിയാൻ ഉദ്ദേശിക്കുന്നവർ
D.അവിശ്വാസികൾ

92.മലക്കുകളിൽ ഉയർന്ന പദവിയുള്ളവരായി പൊതുവിൽ അറിയപ്പെടുന്നവർ ആര്?
A.ആത്മാവ് പിടിക്കുന്നവർ
B.സന്ദേശം കൊണ്ട് വരുന്നവർ
C.അർശിന്റെ വാഹകന്മാർ
D.സ്വർഗ്ഗത്തിലെ കാവൽക്കാർ

93.എല്ലാ ദിവസവും ഭൂമിയിൽ വരുന്ന മലക്കുകൾ "അല്ലാഹുവേ ധനം ചെലവഴിക്കുന്നവന് പകരം നൽകേണമേ'' എന്ന് ഒരു മലക്ക് പ്രാർത്ഥിക്കുമ്പോൾ മറ്റെയാൾ അല്ലാഹുവേ ധനം ചെലവഴിക്കാതെ പിടിച്ചു വെക്കുന്നവന് ..........................................................നൽകേണമേ എന്നും പറയുന്നതാണ് (ബുഖാരി,മുസ്ലിം )
വിട്ട് പോയതെന്ത് ?
A. ചെലവാക്കാനുള്ള മനസ്സ്
B.ഔദാര്യ ചിന്ത
C.നാശം-നഷ്ടം
D.നരക ശിക്ഷ

94.ഓരോരുത്തരും ചെയ്യുന്ന കർമ്മങ്ങൾക്ക് അവനവൻ മാത്രമാണ് ഉത്തരവാദി എന്നതിന്റെ ന്യായവും കാരണവുമെന്ത്?
A.അത് ന്യായമല്ല;കാരണം മഹാന്മാരുടെ ഹഖ്,ജാഹ്,ബർക്കത്ത് മൂലം സ്വർഗ്ഗം കിട്ടും
B.അത് അന്യായമാണ്;സ്വന്തം പ്രവർത്തനം മൂലം അല്ല ശഫാഅത്ത് മൂലമാണ് സ്വർഗ്ഗം കിട്ടുന്നത് .
C.ന്യായമല്ല;സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ആണ് തെറ്റുകുറ്റം സംഭവിക്കുന്നത്
D.ന്യായമാണത്;ഒരാളുടെ നന്മ കൊണ്ട് മറ്റൊരാൾക്ക് മോക്ഷം ലഭിക്കുകയില്ല എന്നതാണ് ഖുർആനിന്റെ മൗലിക തത്വം

95.മനുഷ്യരോടൊപ്പം മലക്കുകൾ ചേർന്ന് ആമീൻ പറയുന്നത് എപ്പോഴാണ് ?
A.സംഘം ചേർന്ന നമസ്കാരങ്ങളിൽ ഫാതിഹ കഴിയുമ്പോൾ
B.കബറിലുള്ളവർക്ക് വേണ്ടി തസ്ബീത്ത് ചൊല്ലുമ്പോൾ
C.മനുഷ്യൻ അല്ലാഹുവിനോട് ആത്മാർഥമായി പ്രാർത്ഥിക്കുമ്പോൾ
D.നമസ്കാര ശേഷം പള്ളികളിൽ ജമാഅത്തതിനായി കാത്തിരിക്കുമ്പോൾ

96.സ്വർഗത്തിൽ സന്താനങ്ങളെ കൂട്ടി മാതാപിതാക്കളോട് ചേർത്ത് കൊടുക്കുന്നത് ഏത് വിഭാഗത്തിനാണ് ?
A.സത്യവിശ്വാസികളായ പ്രവാചകന്മാർക്ക് അവരുടെ മക്കളെ
B.അമ്പിയ-ഔലിയ ശുപാർശ ലഭിക്കുന്നവർ അവരുടെ മക്കളെ
C.സത്യവിശ്വാസത്തോടെ സന്തതികൾ തങ്ങളെ പിന്തുടർന്ന മക്കളെ
D.മക്കളായ പ്രവാചകന്മാർക്ക് മാതാപിതാക്കളായ മനുഷ്യരെ

97.ഇമാം തിർമുദി ഉദ്ധരിച്ച ഹദീസിൽ ഉത്തരം നൽകുകയില്ല എന്ന് പറഞ്ഞ പ്രാർത്ഥന ഏതാണ് ?
A.ഹറാമായത് ഭക്ഷിച്ചയാൾ
B.ഹറാമായത് ധരിച്ചയാൾ
C.അല്ലാഹുവിനെ കൂടാതെ ശിർക്ക് ചെയ്തയാൾ
D.ബോധരഹിതവും ശ്രദ്ധയില്ലാത്തതുമായ ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന

98."ഞാനത്രേ രാജാവ് ! ഭൂമിയിലെ രാജാക്കൾ എവിടെ"? ഖിയാമത്ത് നാളിൽ ഭൂമിയെ കയ്യിലെടുത്ത് ആകാശത്തെ വലങ്കയ്യിൽ ചുരുട്ടിപിടിച്ച് കൊണ്ടുള്ള ഈ ഉദ്ധരണിയുടെ ഹദീസ് ആരുടെ?
A.ബുഖാരി മുസ്ലിം
B.ഇബ്നുമാജ
C.തിർമുദി
D.അബൂദാവൂദ്

99."ചതിക്കണ്ണുകളുടെ കള്ളനോട്ടങ്ങളെയും ഹൃദയങ്ങൾ മറച്ചു വെക്കുന്നതിനേയും അല്ലാഹു അറിയുന്നു "(19 :40 )
ഇബ്നു അബ്ബാസ് (റ) മുതലായവർ ഇതിനെ ഉദാഹരിച്ചത് ഏതിനോട്?
A.മോഹിപ്പിക്കുന്ന വസ്തുക്കൾ കണ്ടാൽ നോക്കി വെക്കുകയും അവസരത്തിന് കാത്തിരിക്കുകയും ചെയ്യുക
B.അസൂയാർഹമായ പ്രവർത്തി കാണുമ്പോൾ അവരുടെ മികവ് കുറഞ്ഞു പോകാൻ അഗ്രഹിക്കുക
C.സുന്ദരികളെ ഒറ്റയ്ക്ക് കണ്ടാൽ നോക്കുകയും മറ്റുള്ളവർ കണ്ടാൽ കണ്ണടക്കുകയും ചെയ്യുക
D.ശത്രുക്കൾ ചെയ്യുന്ന കാര്യങ്ങൾ രഹസ്യമായി വീക്ഷിക്കുകയും അവർ നശിക്കാൻ പദ്ധതിയിടുകയും ചെയ്യുക .

100 يوم الازفة യൗമുൽ ആസിഫ:എന്ന് വിവരണത്തിൽ പറഞ്ഞത് എന്തിനെ ഉദ്ദേശിച്ചാണ് ?

A.ആസന്ന സംഭവം

B.അപകട ദിവസം

C.ഖിയാമത്ത് നാൾ

D.കൊടുങ്കാറ്റിന്റെ ദിവസം

101."ഇവർ ഭൂമിയിൽ സഞ്ചരിക്കാറില്ലേ" സഞ്ചാരികൾ കാണേണ്ട ഏത് കാര്യമാണ് (ഗാഫിർ 21 ൽ) അല്ലാഹു അറിയിക്കുന്നത് ?

A.പച്ച പിടിച്ചു പൂത്തുലയുന്ന പ്രകൃതി സൗന്ദര്യം

B.പുരാതന കോട്ടകളും വാസ്തു ശിൽപങ്ങളും

C.മുമ്പ് മരിച്ചു പോയവരുടെ പര്യവസാനങ്ങൾ

D.മുമ്പ് ജീവിച്ചു മരിച്ചവരുടെ പ്രതിഭാവിലാസങ്ങൾ

102.മുൻ കഴിഞ്ഞ പ്രവാചകന്മാരുടെ കഥ നബി (സ)ക്ക് പറഞ്ഞു കൊടുക്കുന്നത് മൂലം എന്താണ് പ്രയോജനം ?

A.നല്ല കഥകൾ കേട്ട് നേരം പോക്കിന് വേണ്ടി

B.കഥകൾ കേട്ട് പഠിച്ച് പുതിയ കഥാ രചനക്ക് വേണ്ടി

C.കഥകളിലൂടെ കാര്യം പഠിപ്പിക്കുന്ന രീതി പരിശീലിപ്പിക്കാൻ

D. നബി തിരുമേനിയെ ധൈര്യപ്പെടുത്താനും സമാധാനിപ്പിക്കാനും

103. .സൂറത്തു ഗാഫിറിൽ (25) സ്ത്രീകളെ (കൊല്ലാതെ) ജീവിക്കുവാൻ വിടുവാനും ആൺമക്കളെ കൊന്ന് കളയാനും ഫിർഔൻ എപ്പോൾ കൽപിച്ച കാര്യമാണ് ആയത്തിൽ പറയുന്നത് ?

A.മൂസാ നബിയുടെ ജനന കാലത്ത് ഫിർഔൻ ചെയ്തിരുന്ന പ്രഖ്യാപനം

B.മൂസാ നബി ജനിച്ച ഉടനെ ബനീ ഇസ്രായീല്യ ഭരണം പിടിക്കുമെന്ന പേടി മൂലം ചെയ്ത പ്രഖ്യാപനം

C.മൂസാ നബിക്ക് പ്രവാചകത്വം കിട്ടിയപ്പോൾ വിശ്വസിക്കുന്നവരെ തടയാൻ ചെയ്ത പ്രഖ്യാപനം

D.മൂസാ നബിക്ക് മുമ്പ് കിബ്തികൾ ബനീ ഇസ്രായീല്യരോട് കാണിച്ച ശത്രുത മൂലം ഉണ്ടായിരുന്ന പ്രഖ്യാപനം

104 ذروني اقتل موسى "എന്നെ വിട്ടേക്കുവിൻ,ഞാൻ മൂസയെ കൊലപ്പെടുത്തട്ടെ"(സൂറ: മുഅമിൻ:26) എന്ന് ഫിർഔൻ പറയാൻ കാരണമായി ഫിർഔനിനെ പിടിച്ച് വെച്ചിരുന്നവർ ആരാണ്?

A.ചില ഉപദേശകന്മാർ

B.ബനീ ഇസ്രായീല്യർ

C.ഭാര്യ ആസ്യ ബീവി(റ)

D.ഫിർഔനിന്റെ ആൾക്കാരിൽ വിശ്വാസം മറച്ചു വെച്ചിരുന്നു ആൾ

105.വിശ്വാസം മറച്ചു വെച്ചയാൾ ഫിർഔനിനോട് ചോദിക്കുന്ന ഒന്നാമത്തെ ചോദ്യമേത് ?
A.അല്ലാഹുവിന്റെ ദണ്ഡന ശിക്ഷ നമുക്ക് വന്നാൽ ആര് സഹായിക്കും ?
B.അല്ലാഹു ഒരാൾക്ക് വഴിപിഴവിലാക്കിയാൽ മാർഗ്ഗദർശനം ആര് നൽകും?
C.ജനങ്ങളേ!എനിക്കെന്താണ്? ഞാൻ രക്ഷയിലേക്കും നിങ്ങൾ ശിക്ഷയിലേക്കും ക്ഷണിക്കുന്നു .
D.എന്റെ റബ്ബ് അല്ലാഹുവാണെന്ന് പറഞ്ഞതിനാൽ നിങ്ങൾ ഒരാളെ കൊല്ലുകയാണോ ?

106.ഫിർഔനിന്റെ ആളുകളിൽ പെട്ട വിശ്വാസി ഭയപ്പെടുന്നതായി പ്രസ്താവിക്കുന്ന കാര്യങ്ങളിൽ ഉൾപെടാത്തത് ഏതാണ് ?
A.നിങ്ങളുടെ മേൽ ശിക്ഷാ ദിവസം വരുന്നത്
B.നൂഹ്,ആദ്,സമൂദ്,ജനതക്ക്പതിവുള്ള (ശിക്ഷ) സംഭവിക്കുമെന്നത്
C.പരസ്പരം നിലവിളി കൂട്ടി പിന്നോട്ട് തിരിഞ്ഞോടുന്ന ദിവസം വരുന്നത് .
D.എന്റെ കാര്യത്തിൽ ഫിർഔൻ പ്രതികാര ശിക്ഷ വിധിക്കുമെന്നത്.

107.യൂസുഫ് നബി (അ) യോട് ഫിർഔനിന്റെ പൂർവ്വിക രാജകുടുംബത്തിലെ നിലപാടുകളിൽ ശരിയായിരുന്നതേത് ?
A.യൂസുഫ് നബിയുടെ ഭരണ നേതൃത്വത്തെ അനുസരിച്ചു
B.യൂസുഫ് നബിയുടേത് പോലെ തൗഹീദിൽ ഉറച്ചു വിശ്വസിച്ചു
C.യൂസുഫ് നബിക്ക് ശേഷം ഒരു നബി വരുമെന്ന് പ്രതീക്ഷിച്ചു
D.യൂസുഫ് നബിക്ക് ശേഷം വരുന്ന നബിയെ സ്വീകരിക്കാൻ ആഗ്രഹിച്ചു .

108 الذين يجادلون في آيات الله അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവർ എന്ന പ്രയോഗം സൂറത്തു ഗാഫിറിൽ എത്ര തവണയാണ് ആവർത്തിച്ചത്
A.3
B.4
C.5
D.6

109."ഹോ ! ഹാമാൻ നീ എനിക്കൊരു ഉന്നത സൗധം കെട്ടിയുണ്ടാക്കുക " ..........................."മൂസയുടെ ഇലാഹിലേക്ക്
ഞാൻ എത്തി നോക്കാം" ഫിർഔനിന്റെ ഈ കൽപനയുടെ പുറകിലെ ചേതോവികാരം എന്തായിരിക്കും ?
A.അല്ലാഹുവിനെ കണ്ടറിയണം എന്ന ആഗ്രഹം
Bഅല്ലാഹുവിലും മൂസയിലും വിശ്വസിക്കാനുള്ള താൽപര്യം
C.മൂസാ (അ) പറഞ്ഞത് കളവാണോ എന്ന് പരിശോധിക്കാൻ
D.പൊതുജനങ്ങളെ കബളിപ്പിക്കാനും മൂസാ(അ)യെ പരിഹസിക്കാനും

110.ഖിയാമത്ത് നാളിൽ നിർബന്ധ കർമ്മവും ഐശ്ചിക കർമ്മവും സ്വീകരിക്കപ്പെടാത്തവരായി കൃത്യമായി പറഞ്ഞത് ആരെ കുറിച്ചാണ് ? (ഹദീസ്)

A.തെളിവ് ഇല്ലാതെ ആയത്തുകളിൽ തർക്കിക്കുന്നവർ

B. മനുഷ്യഹൃദയം അധീനപ്പെടുത്താൻ തിരിച്ചുമറിച്ചു സംസാരിക്കുവാൻ പഠിച്ചവൻ

C.തെളിവില്ലാത്ത കാര്യത്തിൽ വാദിക്കുന്നവർ

D.അഹങ്കാരം മൂലം ഹൃദയം സീൽ വെക്കപെട്ടവർ

111.എന്റെ ജനങ്ങളെ എനിക്കെന്താണ് ?........................." നിങ്ങളെ ഞാൻ രക്ഷയിലേക്ക് ക്ഷണിക്കുന്നു നിങ്ങൾ എന്നെ നരകത്തിലേക്കും ക്ഷണിക്കുന്നു" ആരുടെ വാക്കുകളായിട്ടാണ് ഈ ക്ഷണം (ഗാഫിർ 41)

A.മൂസാ (അ)

B.മുഹമ്മദ് (സ)

C.ഹാറൂൺ (അ)

D.സത്യവിശ്വാസി

112.പരലോകം സ്ഥിരവാസ ഭവനമാണ്; ഐഹിക ജീവിതത്തെ വിശ്വാസിയായ ആൾ വ്യക്തമാക്കുന്നത് ഏത് വിധത്തിലാണ്? (സൂറത്തു ഗാഫിർ)

A.ആസ്വദിക്കാനുള്ളത്

B.താൽകാലിക വിഭവം

C.ഒരു മഴ പോലെ

D.ഒരു നിഴൽ പോലെ

113. "രാവിലെയും വൈകുന്നേരവും അവൻ നരകത്തിൽ പ്രദർശിപ്പിക്കപ്പെടുന്നതാണ്" ഫിർഔന്റെ മേൽ കഠിന ശിക്ഷ നൽകുന്നത് എപ്പോഴാണ് ?

A.മരണത്തിന് മുമ്പ്

B.മരണശേഷം ബർസഖിൽ വെച്ച്

C അന്ത്യഘട്ടം നിലവിൽ വരുന്ന ദിവസം

D.എപ്പോഴാണെന്നറിയില്ല

114.'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവർ രക്തസാക്ഷികൾ شهداء മരണപെട്ടവരാണ് എന്ന് ധരിക്കരുത്''
അവർ റബ്ബിന്റെയടുത്ത് സന്തോഷത്തോടെ ജീവിച്ചിരിക്കുന്നവരാണെന്ന് സൂറ :ബഖറ 154 ലും ആലു ഇമ്രാൻ 169 ലും അള്ളാഹു പ്രസ്താവിക്കുന്നതിൽ നിന്ന് തെളിയുന്നത് എന്താണ് ?

A.ഖബർ ജീവിതത്തിൽ (ബർസഖ്)രക്ഷാശിക്ഷകൾ ഉണ്ടാകും
B.മരിച്ചാലുടൻ നേരെ സ്വർഗ്ഗം-നരക ജീവിതം ലഭിക്കും
C.മരിച്ചവർ ജീവിച്ചിരിക്കുന്നവരാണ്
D.കൊല്ലപ്പെട്ടാൽ മരണം പൂർണ്ണമാകുകയില്ല

115.നബി (സ) അല്ലാഹുവിലേക്ക് എത്ര തവണ പശ്ചാത്തപിക്കുന്നുവെന്നാണ് (മുസ്ലിം) ഉദ്ധരിച്ച ഹദീസിൽ പറയുന്നത് ?
A.70 തവണ
B.100 തവണ
C.700 തവണ
D.ധാരാളം തവണ

116 أَكْثَرَ النّاس لَا يَعْلَمُونَ മനുഷ്യരിൽ അധികമാളുകൾക്കും അറിയാത്ത ഒരു കാര്യം സൂറ ഗാഫിറിൽ പറഞ്ഞത് ഏതാണ് ?
A.മനുഷ്യനെ സൃഷ്ടിക്കുന്നതിനേക്കാൾ വലിയ കാര്യമാണ് ആകാശഭൂമി സൃഷ്ടിക്കൽ
B.വിശ്വസിച്ചു സൽകർമ്മം ചെയ്യുന്നവനും ദുഷ്കർമ്മിയും സമമല്ല എന്നത്
C.അന്ധനും കാഴ്ച്ച ഉള്ളവനും സമമല്ല
D.അന്ത്യനാൾ വരിക തന്നെ ചെയ്യും എന്നതിൽ സംശയം ഇല്ല

117 وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ ഈ വചനത്തിൽ നിന്നുള്ള തെറ്റായ വിവരണം ഏതാണ്?
A.അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവൻ അല്ലാഹുവിനെ ആരാധിക്കുന്നു
B.അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവൻ അല്ലാഹുവിന്റെ കല്പന അനുസരിക്കുന്നു
C.മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കാൻ നിങ്ങൾക്ക് ന്യായവും അവകാശവും ആവശ്യവും ഇല്ല
D.അല്ലാഹുവിന്റെ ഔലിയാക്കളോട് പ്രാർത്ഥിച്ചാൽ കുറ്റമാകുമോ എന്ന് സംശയമാണ്

118.താഴെ പറഞ്ഞതിൽ മനുഷ്യന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന ഒരേ ഒരു കാര്യം ഏത് ?
A.പാപമായ ഒരു കാര്യം ചെയ്യാൻ പ്രാർത്ഥിക്കുക
B.ആത്മാർത്ഥതയോടെ വിനയത്തോടെ പ്രാർത്ഥിക്കുക
C.കുടുംബ ബന്ധം മുറിക്കുന്നതിനായി പ്രാർത്ഥിക്കുക
D.അക്ഷമനായിക്കൊണ്ട് ധൃതിക്കൂട്ടിക്കൊണ്ട് പ്രാർത്ഥിക്കുക

119.ഇമാം അഹ്മദ് ഇമാം ഹാകിം ഉദ്ധരിച്ച ഹദീസ് പ്രകാരം അല്ലാഹുവിനോട് പ്രാർത്ഥിക്കാത്തവന്
A.അല്ലാഹു നൽകുകയില്ല
B.പ്രാർത്ഥിച്ചവന് നൽകിയത് അവനും നൽകും
C.അവനെ കുറിച്ച് അല്ലാഹു മൗനം പാലിക്കും

D.അവന്റെ മേൽ അല്ലാഹു കോപിക്കും

120.നരകത്തിലുള്ളവർ ജഹന്നമിന്റെ കാവൽക്കാരോട് പറയുന്നത് നിങ്ങൾ നിങ്ങളുടെ റബ്ബിനോട് ഏത് കാര്യം പ്രാർത്ഥിക്കുവാനാണ്?( ഗാഫിർ)
A.ഞങ്ങളെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുവാൻ
B.ഞങ്ങളെ നരകത്തിൽ നിന്ന് കരകയറ്റാൻ
C.ഞങ്ങൾക്ക് നരക ശിക്ഷയിൽ ലഘൂകരണം നൽകാൻ
D.ഞങ്ങൾക്ക് ഒരു ദിവസം ലഘുവാക്കിത്തരുവാൻ

121.നരകത്തിൽ നിന്നുള്ള ഒരു വിഹിതം ഞങ്ങളിൽ നിന്ന് ഒഴിവാക്കിത്തരാൻ അനുയായികളായ ദുർബലന്മാർ അഹംഭാവം നടിച്ചവരോട് ചോദിക്കുമ്പോൾ അവരുടെ മറുപടി എന്താണ്? (ഗാഫിർ 48)
A.ശരി, നിങ്ങൾ അനുയായികളല്ലേ പകുതി ശിക്ഷ ഞങ്ങൾ ഏൽക്കാം
B.അനുയായികൾക്ക് ശിക്ഷയില്ല ;നിങ്ങളല്ല ഞങ്ങളാണ് കുറ്റക്കാർ
C.അഹങ്കാരികൾക്കാണ് ഇന്ന് ശിക്ഷ ; അനുയായികൾക്കല്ല
D.നാമെല്ലാവരും അതിൽ (നരകത്തിൽ) തന്നെ വിധി കൽപിച്ചു കഴിഞ്ഞു

122 "يوم يقوم الأشهاد" ഖിയാമത്ത് നാളിന് ഇങ്ങിനെ ഒരു പേര് വരാൻ കാരണമെന്ത് ?
A.പ്രവാചകന്മാർ,മലക്കുകൾ,അവയവങ്ങൾ തുടങ്ങിയ സാക്ഷികൾ വരുന്ന ദിവസമായതിനാൽ
B.രക്തസാക്ഷികൾ ,സാലിഹുകൾ, കൊല്ലപ്പെട്ടവർ, ശുഹദാക്കൾ എല്ലാവരും കൂടിവരുന്ന ദിവസമായതിനാൽ
C.എല്ലാവരും ഇരിക്കാൻ അനുമതിയില്ലാതെ എഴുന്നേറ്റ് നിൽക്കുന്ന ദിവസമായതിനാൽ
D.ശുഹദാക്കൾക്ക് വേണ്ടി ആചരിക്കപ്പെടുന്ന ദിവസമായതിനാൽ

123.ഈ അദ്ധ്യായത്തിൽ പല തവണ അല്ലാഹുവിന്റെ ദൃഷ്ടാന്ത ലക്ഷ്യങ്ങളിൽ തർക്കം നടത്തുന്നവരെ കുറിച്ചു പറഞ്ഞു.അല്ലാഹു കോപിച്ച ഈ തർക്ക സ്വഭാവം എവിടെ നിന്നാണുണ്ടാകുന്നത് ?
A.അറിവ്കേട്,അജ്ഞത
B.വിജ്ഞാനദാഹം,ആകാംക്ഷ
C.ചിന്താശക്തി, യുക്തിബോധം
D.അഹങ്കാരം,ധിക്കാരം

124.അമാനുഷികമായ ദൃഷ്ടാന്തങ്ങൾ എല്ലാ നബിമാർക്കും നൽകിയിട്ടുണ്ട് ഥമൂദ് ഗോത്രത്തിന് നൽകിയ ദൃഷ്ടാന്തം എന്താണ് ?
A.ആന
B.അബാബീൽ
C.വെട്ടുകിളി
D.ഒട്ടകം

125.പശ്ചാത്താപം (തൗബ)യുടെ അവസാന സമയം എപ്പോഴാണ് ?
A.മരണം തൊണ്ടക്കുഴിയിൽ എത്തുമ്പോൾ
B.മരണത്തിന് മുമ്പ്
C.മരണം ആസന്നമായി എന്ന് ഉറപ്പാകുമ്പോൾ
D.ഇനി ജീവിതം ഇല്ല എന്ന് മനസ്സിലാക്കുമ്പോൾ

126.അല്ലാഹു മനുഷ്യൻ വേണ്ടി കന്നുകാലികളെ ഉണ്ടാക്കി തന്നതിൽ പറയപ്പെട്ട പ്രയോജനങ്ങളേക്കാൾ കാലികൾ മൂലം നിത്യമായ നരകം ലഭിക്കുന്ന പ്രവർത്തനം ഏതാണ് ?
A.വാഹനങ്ങളായി ഉപയോഗിക്കുമ്പോൾ
B.ഭക്ഷണമായി ഉപയോഗിക്കൽ
C.കന്നുകാലികളെ ആരാധിക്കൽ
D.പാൽ രോമം തോൽ പ്രയോജനപ്പെടുത്തൽ

127.അല്ലാഹുവിന്റെ ആയത്തുകളിൽ തർക്കം നടത്തുന്നവർക്ക് സംഭവിക്കാനിരിക്കുന്ന നരക ദുരന്തങ്ങളുടെ വിവരണത്തിന് ഒടുവിൽ ഈ ദുരവസ്ഥയുടെ ഹേതു എന്താണെന്നാണ് (ഗാഫിർ:75)അല്ലാഹു ഓർമ്മപ്പെടുത്തുന്നത്?
A.ഭൂമിയിൽ അന്യായമായി ആഹ്ളാദിച്ചതും - അഹന്തത കാണിച്ചതും
Bപ്രാർത്ഥിച്ചു പോയവർ കൈവിട്ട് പോയതിനാൽ
C.രക്ഷിക്കാമെന്ന് പറഞ്ഞവർ വാക്ക് മാറ്റിയതിനാൽ
D.അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കിച്ചിരിക്കുന്നത്

128.'നബിയേ ക്ഷമിച്ചു കൊള്ളുക" ...................
നാമവരോട് താക്കീത് ചെയ്യുന്നതിൽ ചിലത് “നിനക്ക് കാണിച്ചു തന്നേക്കാം” ............സൂറത്തു ഗാഫിറിൽ ക്ഷമിക്കൂ എന്നതിന് ശേഷം കാണിച്ചു തരാമെന്ന് പറഞ്ഞ വിവരണത്തിൽ പറഞ്ഞത് ഏതാണ് ?
A.മക്ക വിജയിച്ചടക്കിയത്
B.ബദ്റിൽ മുശ്രിക്കുകൾ പരാജയപ്പെട്ടത്
C.ഹുനൈൻ യുദ്ധം
D.മദീന പ്രവാചകന്റെ പട്ടണമായി മാറിയത്

129."പ്രാർത്ഥനയും ആരാധനയും അല്ലാഹുവിന് മാത്രം " എന്നതിന് തക്കതായ ദൃഷ്ട്ടാന്തങ്ങൾ മുഖേനെ സംശയാതീതമായി തെളിയിക്കുവാൻ സൂറ ഗാഫിറിൽ പറഞ്ഞിട്ടില്ലാത്ത കാര്യമേത് ?
A.അവൻ സാക്ഷാൽ ജീവിക്കുന്നവൻ
B.അവൻ ആകാശ ഭൂമിയെ വാസസ്ഥലമാക്കി ,നിങ്ങളെ നന്നായി രൂപപ്പെടുത്തി വിശിഷ്ടമായ ഭക്ഷണം തന്നു

C.അടങ്ങുന്ന രാത്രിയും പ്രകാശിത പകലും ഉണ്ടാക്കിയ എല്ലാ വസ്തുവിന്റെയും രക്ഷിതാവുമാണ്

D. പ്രപഞ്ചങ്ങളുടെ സൃഷ്ടാവും കാര്യകർത്താവുമാണ് .ആകാശഭൂമികളുടെ ഖജനാവുകൾ അവന്റേതാണ് ?

130."നിന്റെ പാപത്തിന് വേണ്ടി പാപമോചനം തേടുകയും വൈകുന്നേരവും കാലത്തും നിന്റെ റബ്ബിനെ സ്തുതിച്ചു കൊണ്ട് തസ്ബീഹ് നടത്തുകയും ചെയ്യുക (ഗാഫിർ:55)

നബിമാരോട്പാപമോചനം തേടാൻ കൽപ്പിച്ചതിൽ നിന്ന് ധരിച്ചുകൂടാത്തത്?

A.പ്രവാചകന്മാർ പൊതു ജനങ്ങളെ പോലെ കുറ്റവും പാപവും ചെയ്യുന്നു

B.പാപമോചനം തേടൽ സമുദായത്തിൽ എല്ലാവർക്കും ബാധകമാണ്

C.കാലത്തും വൈകിട്ടും പാപമോചനത്തിനായി തേടണം

D.നബി(സ)യുടെ എല്ലാ പാപങ്ങളും പൊറുക്കപ്പെട്ട ആളാകുന്നു

ലേൺ ദി ഖുർആൻ അന്താരാഷ്ട്ര ഓൺലൈൻ ഫൈനൽ പരീക്ഷ 2024 - "Answer Key" (ഉത്തരസൂചിക) പ്രസിദ്ധീകരിച്ചു.

2024ൽ നടന്ന ലേൺ ദി ഖുർആൻ അന്താരാഷ്ട്ര ഓൺലൈൻ ഫൈനൽ പരീക്ഷയുടെ "ഉത്തരസൂചിക" (Answer Key) ഇതോടൊപ്പം (PDF File) പ്രസിദ്ധീകരിക്കുന്നു.

"Answer Key" സംബന്ധിച്ചുള്ള സംശയങ്ങൾക്ക് LTQ HelpLine മൊബൈൽ നമ്പറുകളിൽ 24/11/2024 ഞായർ, 7:00 PM (KSA), 9:30 PM (IST) വരെ ബന്ധപ്പെടാവുന്നതാണ്.

💭 For Enquiry:
🧿 00966536291683
🧿 00966562508011
🧿 00919567649624
🧿 00966550524242
LTQ HelpLine Numbers 👆

**നിശ്ചിത തീയതിക്ക് (ഞായർ, 24-11-2024) ശേഷമുള്ള തിരുത്തലുകൾ, പരാതികൾ പരിഗണിക്കുന്നതല്ല.**

ലേൺ ദി ഖുർആൻ അന്താരാഷ്ട്ര ഓൺലൈൻ ഫൈനൽ പരീക്ഷാ ഫലം ഡിസംബർ 10ന് മുൻപ് പ്രഖ്യാപിക്കുന്നതാണ്.

Admin Team
Learn The Quran-2024
Riyadh Indian Islahi Center